# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 303** **24.02.2016-ൽ മറുപടിയ്ക്ക്**

## പ്രധാന പശ്ചാത്തല വികസന പദ്ധതികൾക്കായുള്ള തുക

**ചോദ്യം**
ശ്രീ.സി.കൃഷ്ണൻ
എസ്.ശർമ്മ
വി. ചെന്താമരാക്ഷൻ
കെ. കുഞ്ഞമ്മത് മാസ്റ്റർ

**ഉത്തരം**
ശ്രീ. ഉമ്മൻചാണ്ടി
ബഹു: മുഖ്യമന്ത്രി

| | | |
|---|---|---|
| (എ) | പ്രധാന പശ്ചാത്തല വികസന പദ്ധതികൾക്കായുള്ള തന്നാണ്ടിലെ ബജറ്റ് നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ ; ബജറ്റ് പ്രസംഗത്തിലെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു. | പ്രധാന പശ്ചാത്തല വികസന പദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷം 2000 കോടി രൂപ വകയിരുത്തിയിരുന്നതിൽ നാളിതുവരെ 769.53 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 456.05 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുമുണ്ട്. ഇതിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്കായി 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കൊച്ചി മെട്രോയ്ക്ക് 219.06 കോടിയും കൊല്ലം-ആലപ്പുഴ ബൈപാസിന്റെ നിർമ്മാണ ത്തിന് 70 കോടി രൂപയും കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഷെയർ വാങ്ങിയ ഇനത്തിൽ 142 കോടി രൂപയും കണ്ണൂർ ഇന്റർനാഷണൽ എയർ പോർട്ടിന് വേണ്ടി 59.81 കോടി രൂപയും ഇതു കൂടാതെ തലസ്ഥാന നഗര വികസന പദ്ധതിയ്ക്ക് 7.52 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ നാഷണൽ ഗെയിംസിന്റെ |

| | | |
|---|---|---|
| | | വിവിധ പദ്ധതികൾക്ക് 120.47 കോടി രൂപയും അനുവദിച്ചു. |
| (ബി) | ഇതിനായി വകയി രുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ഇതിനകം പദ്ധതികൾക്കായി പിൻവലി ച്ചിട്ടുണ്ട്. വകയിരുത്തിയ തുക എത്ര ? | പ്രധാന പശ്ചാത്തല വികസന പദ്ധതി കൾക്കായി നടപ്പു വർഷം മൊത്തം വകയിരുത്തിയിട്ടുള്ള 2000 കോടിയിൽ നിന്നും 769.53 കോടി രൂപ അനുവദിച്ചതിൽ 456.05 കോടി രൂപ ഡിസംബർ 31 വരെ ചെലവഴിച്ചി ട്ടുണ്ട്. അതായത് മൊത്തം തുകയുടെ 22.8 ശതമാനം ചെലവഴിച്ചു. |
| (സി) | പൊതുവിപണിയിൽ നിന്നും ഇതിനായി എത്ര കോടിരൂപ കണ്ടെത്തുകയുണ്ടായി. ലക്ഷ്യം എന്തായിരുന്നു. കേരള അടി സ്ഥാന സൗകര്യ വികസന ഫണ്ട് ബോർഡിന് മൂലധനമായി ഇതിനകം എത്ര തുക സർക്കാർ നൽകുക യുണ്ടായി. | തന്നാണ്ടിലെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള പ്രധാന പശ്ചാത്തല വികസന പദ്ധതികൾക്കായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് മുഖേന പൊതു വിപണിയിൽ നിന്നും ഇതുവരെ തുകയൊന്നും സ്വരൂപിച്ചിട്ടില്ല. 2015-16 ബഡ്ജറ്റിൽ " 5475-00-800- 92 (പ്ളാൻ) - മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ" എന്ന ശീർഷകത്തിൽ 2000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരള ഇൻഫ്രാ സ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ഘടനയും പ്രവർത്ത നവും പരിഷ്ക്കരിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ടി തുക കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് മുഖേന ചെലവഴി ക്കേണ്ട സാഹചര്യം ആയിട്ടില്ലാത്തതി നാൽ പ്രസ്തുത തുക സംസ്ഥാന |

| | | |
|---|---|---|
| | | ത്തിന്റെ മുഖ്യ അടിസ്ഥാന വികസന പദ്ധതികളുടെ സർക്കാർ വിഹിതമായി ആവശ്യാനുസരണം വിനിയോഗിച്ച് വരുന്നു. |
| (ഡി) | ബോർഡിൽ നിന്ന് ഓരോ പദ്ധതിയ്ക്കും വേണ്ടി ഇതിനകം പിൻ വലിച്ച തുക എത്ര ? | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ് മെന്റ് ഫണ്ട് ബോർഡിൽ നിന്നും ടി പദ്ധതികൾക്കായി ഇതിനകം തുക യൊന്നും പിൻവലിച്ചിട്ടില്ല. |

Rejani

അക്കൗണ്ട്സ് ഓഫീസർ